"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തിരുവനന്തപുരം, ചിറയിൻകീഴ് താലൂക്കിൽ, കിഴുവിലം ഗ്രാമ പഞ്ചായത്തിലെ കൂന്തള്ളൂർ വില്ലേജിൽ ബ്ലോക്ക് നം. 16 റീസർവേ നം. 180/14 ൽപ്പെട്ട കൂന്തള്ളൂർ ദേശീയ ഗ്രന്ഥശാലയ്ക്ക് 5 സെന്റ് (2 ആർ) കൈവശ ഭൂമി ന്യായവിലയുടെ 50% ഈടാക്കി പതിച്ചു നൽകിയ ഉത്തരവ് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ ( യു ) വകുപ്പ്**

സ.ഉ.(കൈ) നം.176/2025/RD തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:- 1. 22/10/2024 ലെ സ.ഉ (കൈ) നം. 204/2024/RD നമ്പർ ഉത്തരവ്.

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 09-05-2025-ലെ LR/1734/2023-LR(J6) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ, ചിറയിൻകീഴ് താലൂക്കിൽ, കിഴുവിലം ഗ്രാമ പഞ്ചായത്തിലെ കൂന്തള്ളൂർ വില്ലേജിൽ ബ്ലോക്ക് നം. 16 റീസർവേ നം. 180/14 ൽപ്പെട്ട 5 സെന്റ് കൈവശ ഭൂമി (2 ആർ) കൂന്തള്ളൂർ ദേശീയ ഗ്രന്ഥശാലയ്ക്ക് ന്യായവിലയുടെ 50% ഈടാക്കി പതിച്ചു നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പതിച്ചു നൽകേണ്ടിയിരുന്ന ഭൂമിയോട് ചേർന്നുള്ള റോഡിന് വീതി കൂട്ടിയതും, ഓട നിർമ്മിച്ചതും മൂലം ടി ഭൂമിയുടെ വിസ്തീർണ്ണത്തിൽ വ്യത്യാസം വന്നിട്ടുണ്ടെന്നും നിലവിൽ പതിച്ചു നൽകാവുന്ന ഭൂമിയുടെ വിസ്തീർണ്ണം 1.30 ആർ മാത്രമാണെന്നും, പരാമർശിത ഭൂമിയുടെ വിസ്തീർണ്ണം 2 ആർ എന്നു രേഖപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നത് ബിടിആർ-ന്റെ അടിസ്ഥാനത്തിലാണെന്നും, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നത് യുക്തിപരമല്ലെന്നതും ആയതിനാൽ ടി ഭൂമിയുടെ നിലവിലെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ, കിഴുവിലം ഗ്രാമ പഞ്ചായത്തിലെ കൂന്തള്ളൂർ വില്ലേജിൽ ബ്ലോക്ക് നം. 16 റീസർവേ നം. 180/14 ൽപ്പെട്ട ഭൂമി ന്യായവിലയുടെ 50% ഈടാക്കി പതിച്ചു നൽകിയ പരാമർശം (1)-ലെ സർക്കാർ ഉത്തരവിൽ 5 സെന്റ് (2 ആർ) കൈവശഭൂമി എന്നതിനു പകരം 1.30 ആർ കൈവശ ഭൂമി (3.21 സെന്റ്) എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പ്രസ്തുത ഭേദഗതിയോടെ മേൽ ഉത്തരവ് നിലനിൽക്കുന്നതാണ്.

5) ഈ വിഷയത്തിൽ നിയമപരമായ തുടർനടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
സെക്രട്ടറി, കുന്തള്ളൂർ ദേശീയ ഗ്രന്ഥശാല, Reg. No.1869, ചിറയിൻകീഴ്, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Sindhu L V
സെക്ഷൻ ഓഫീസർ.
Date: 11-06-2025 18:11:37

പകർപ്പ് :-ബഹു. റവന്യൂ മന്ത്രിയുടെ പി എസ്സ്-ന്.
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ-യ്ക്ക്.